പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 259 — 19/02/2016 ൽ മറുപടിയ്ക്ക്

## ഇ-രേഖാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-രേഖാ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; | (എ) പുരാതന സർവ്വെ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ എംപവേർഡ് കമ്മിറ്റിയിൽ അംഗീകാരം ലഭ്യമാക്കി ഇ-രേഖ എന്ന പേരിൽ ഒരു റെക്കോർഡ് കൺസർവേഷൻ പദ്ധതി സർവ്വെയും ഭൂരേഖയും വകുപ്പിൽ മിഷൻ നടപ്പാക്കി വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഇ-രേഖ എന്ന പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ്, ടച്ച് സ്ക്രീൻ കിയോസ്ക് എന്നിവയുടെ സഹായത്താൽ "Online payment gateway" വഴി പണമടച്ച് റിക്കാർഡുകളുടെ പകർപ്പുകൾ ലഭ്യമാക്കുവാനും അതിലൂടെ സർവ്വെ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്ക്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും ടി പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാം എംപവേർഡ് കമ്മിറ്റിയിൽ സർവ്വെ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തു. ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ |

സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും 12 ജില്ലകളിൽ റീസർവ്വെ ഡാറ്റകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി പ്രസ്തുത സെന്ററുകൾ മിഷന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനത്തെ തുടർന്ന് സർക്കാർ ടി പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വെ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റാകൾ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ വാങ്ങുകയും ആയതിന്റെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗതിയിലുമാണ്.

ജില്ലാതലങ്ങളിലെ റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വെ റെക്കോർഡ് റൂമുകൾക്കു വേണ്ടിയുള്ള അനുമതി 2012-13 ലെ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. മേൽ വിവരിച്ച പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ടെക്നിക്കൽ കമ്മിറ്റികൾ കൂടുകയും പദ്ധതികൾ നടപ്പാക്കി വരികയും ചെയ്യുന്നു. ഇ-രേഖ പദ്ധതി പ്രകാരം കൺസർവേഷൻ സാധ്യമാക്കിയ പുരാതന സർവ്വെ റിക്കാർഡുകൾ സെൻട്രൽ സർവ്വെ ഓഫീസിൽ ഇതിലേയ്ക്കായി മിഷൻ സ്ഥാപിച്ചിട്ടുള്ള സെൻട്രൽ മോഡേൺ റിക്കാർഡ് റൂമിലേയ്ക്ക് മാറ്റി സൂക്ഷിക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ